(ബി) സർക്കാരിന്റെ 21-6-2008—ലെ ജി.ഒ.(ആർ.റ്റി)നമ്പർ 1765/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനുമായുള്ള 7 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) സംയോജനം സംബന്ധിച്ചുള്ള വിവിധ വശങ്ങൾ പരിശോധിച്ച് വരികയാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നടപടി**

121(329) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷം മുതൽ പഞ്ചായത്ത് പദ്ധതികൾക്കായി (റോഡ്, കുടിവെള്ളം, വൈദ്യുതി) കൂടുതൽ തുക അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) റോഡുകളുടെ നിർമ്മാണത്തിന് എത്ര ശതമാനമാണ് ഇപ്പോൾ പഞ്ചായത്തുകൾക്ക് നൽകി വരുന്നത് ; ഇനി എത്ര ശതമാനം കൂടി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) പുതിയ തീരുമാനമുണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) 2011-12 വർഷം മുതലുള്ള 5 വർഷത്തേക്ക് വികസനാവശ്യം, മെയിന്റനസ്, പൊതു ആവശ്യം എന്നീ 3 ഇനങ്ങളിലുള്ള ഫണ്ടുകളുടെ വിഹിതം നിശ്ചയിക്കുന്നതിന് നിയോഗിച്ചിട്ടുള്ള 4-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. ടി ശിപാർശകളിന്മേലുള്ള നടപടിക്കുറിപ്പ് നിയമസഭയ്ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിനു ശേഷം മാത്രമേ വിശദാംശം വെളിപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(ബി) റോഡ് നിർമ്മാണത്തിന് 3-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള തുകയാണ് 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ നൽകിയിട്ടുള്ളത്. 2006-07-ൽ റോഡ് മെയിന്റനൻസിന് 138.96 കോടി രൂപയും തുടർന്നുള്ള ഓരോ സാമ്പത്തിക വർഷം 10% വർദ്ധനവും ടി കമ്മീഷന്റെ ശിപാർശ പ്രകാരം നൽകിയിട്ടുണ്ട്. 4-ാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. കൂടാതെ ജി.ഒ.(ആർ.ടി)നമ്പർ 1906/2010 ത.സ്വ.ഭ.വ. തീയതി 9-6-2010 പ്രകാരം റോഡ് നവീകരണ പദ്ധതിയിൽപ്പെടുത്തി 284.20 കോടി രൂപ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് നടപ്പുവർഷം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) പുതിയ തീരുമാനം 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പദ്ധതി തുക യഥാസമയം ലഭ്യമാക്കാൻ നടപടി

122(330) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ ആകെ തുക എത്ര ;

(ബി) എത്ര ഗഡുക്കളായിട്ടാണ് ഈ തുക അനുവദിച്ചിട്ടുള്ളത് ;

(സി) ഓരോ ഗഡുക്കളുടെ തുകയും അവ റിലീസ് ചെയ്ത തീയതിയും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി തുക യഥാസമയം ലഭ്യമാക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(ഇ) ഈ തുക യഥാസമയം റിലീസ് ചെയ്യുന്നതിന് സർക്കാരിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വ്യക്തമാക്കുമോ ;

(എഫ്) ഇത് പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ 2009.62 കോടി രൂപ (തനി)വകയിരുത്തിയിട്ടുണ്ട്. കൂടാതെ 90 കോടി രൂപ റോഡ് മെയിന്റനൻസിനായി അനുവദിച്ചിട്ടുണ്ട്.

(ബി) മേയ് മുതൽ ഫെബ്രുവരി വരെയുള്ള പത്ത് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്.

(സി) അനുബന്ധമായി നൽകിയിരിക്കുന്നു.*

(ഡി) പദ്ധതി തുക യഥാസമയം ലഭ്യമാക്കുന്നുണ്ട്.

(ഇ) യഥാസമയം റിലീസ് ചെയ്ത് വരുന്നു.

(എഫ്) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly